# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
*ഫോൺ : 0471 2315156; ഫാക്സ്:0471 2315156;*
*ഇമെയിൽ: devaswomcommissionertdb@gmail.com*

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 1761/13/എസ്റ്റ(എ) തിരുവനന്തപുരം, 21/11/2016.

---

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണം കാര്യക്ഷമമാക്കുന്നതിലേയ്ക്കും റവന്യു നഷ്ടം ഒഴിവാക്കുന്നതിലേയ്ക്കും സബ്ഗ്രൂപ്പുകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) 23.08.2016 ലെ ആർ.ഒ.സി.3185/16/എസ്റ്റ.1 നമ്പർ ബോർഡ് ഉത്തരവ്.

2) 07.09.2016 ലെ ആർ.ഒ.സി.3185/16/എസ്റ്റ.1 നമ്പർ ബോർഡുത്തരവ്.

3) ഈ ഓഫീസിലെ 01.10.2016-ലെ ആർ.ഒ.സി.1761/13/എസ്റ്റ.(എ)-1 , ആർ.ഒ.സി.1761/13/എസ്റ്റ(എ)-2 നമ്പർ ഉത്തരവുകൾ.

4) 05.10.2016 ലെ ആർ.ഒ.സി.3185/16/എസ്റ്റ.1 നമ്പർ ബോർഡ് ഉത്തരവ്.

5) 18.10.2016 ലെ ആർ.ഒ.സി.3185/16/എസ്റ്റ.1 നമ്പർ ബോർഡുത്തരവ്.

ദേവസ്വങ്ങളുടെ ഭരണം കാര്യക്ഷമമാക്കുന്നതിലേയ്ക്കും, റവന്യു നഷ്ടപ്പെടാതിരിയ്ക്കുന്നതിലേയ്ക്കും സബ്ഗ്രൂപ്പുകൾ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിലേയ്ക്കും വേണ്ടി വിവിധ ഓഫീസുകളിലുള്ള സ്ഥിരം ജീവനക്കാരെ സബ്ഗ്രൂപ്പുകളിലേയ്ക്കും, അപ്രകാരമുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ലോ പെയ്ഡ് എംപ്ലോയീസ് ലിസ്റ്റിൽ നിന്നും ശാന്തിക്കാർ ഒഴികെയുള്ളവരെ ഓഫീസുകളിലേയ്ക്കും മൂന്നു മാസത്തേയ്ക്ക് താല്കാലികമായി നിയോഗിക്കുവാനുള്ള സൂചന(1),(2) ഉത്തരവുകളനുസരിച്ച് സൂചന(3) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

ഓഫീസുകളിലുള്ള സ്ഥിരം ജീവനക്കാരിൽ ഭൂരിഭാഗം പേരും സബ്ഗ്രൂപ്പുകളിലെ ഒഴിവുകളിലേയ്ക്ക് തങ്ങളെ നിയോഗിച്ച ഉത്തരവ് റദ്ദ് ചെയ്ത് അതത് ഓഫീസുകളിൽ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ്,

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് മെമ്പർ എന്നിവർ മുഖാന്തിരവും ഓഫീസ് മേധാവികൾ മുഖാന്തിരവും നേരിട്ടും ധാരാളം അപേക്ഷകൾ സമർപ്പിയ്ക്കുകയുണ്ടായി. അവയിൽ ചിലത് പരിഗണിയ്ക്കുവാൻ നിർദ്ദേശമുള്ളതും ചില അപേക്ഷകൾ പരിഗണിക്കപ്പെടുവാൻ മതിയായ കാരണങ്ങൾ ഉള്ളതുമാണ്. അപ്രകാരമുള്ള അപേക്ഷകൾ അനുവദിക്കുമ്പോൾ ഇപ്പോൾ ഓഫീസുകളിൽ ജോലിചെയ്യുന്ന ലോ പെയ്ഡ് ജീവനക്കാർക്ക് അവരുടെ മുൻ തസ്തികകളിലേയ്ക്ക് തിരികെ പോകേണ്ടിവരുന്നതാണ്. മാത്രവുമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സൂചന(5) ഉത്തരവിൽ പെർമനന്റ് റീലിൻഗുഷ്മെന്റ് വ്യവസ്ഥ ഒഴിവാക്കി ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യങ്ങൾ വസ്തു നിഷ്ഠമായി വിലയിരുത്തിയപ്പോൾ, ദേവസ്വം ഭരണം കാര്യക്ഷമമാക്കുന്നതിന് ഒഴിഞ്ഞുകിടക്കുന്ന സബ്ഗ്രൂപ്പുകളിൽ ഓഫീസർമാരെ നിയോഗിക്കുക എന്ന ബോർഡിന്റെ സദുദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നു ബോധ്യപ്പെ ടുകയുണ്ടായി. കൂടാതെ, 2016-ലെ ലോ പെയ്ഡ് ജീവനക്കാരുടെ റഗുലർ പ്രൊമോഷനുകൾ അടിയന്തിരമായി നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

മേൽ സാഹചര്യങ്ങളിൽ ജീവനക്കാരെ മൂന്നു മാസത്തേയ്ക്ക് താല്ക്കാലികമായി നിയോഗിച്ചുകൊണ്ടുള്ള സൂചന(3) ഉത്തരവ് ഭേദഗതി ചെയ്ത് രണ്ടുമാസക്കാലത്തേയ്ക്ക്, അതായത് 30.11.2016 വരെയായി നിജപ്പെടുത്തി ഉത്തരവാകുന്നു. ആയതിനാൽ സൂചന(3) ഉത്തരവുകൾ പ്രകാരം വിവിധ ഓഫീസുകളിലേയ്ക്കും ദേവസ്വങ്ങളിലേയ്ക്കും നിയോഗിക്കപ്പെട്ട എല്ലാ ജീവനക്കാരും അവർ സൂചന(3) ഉത്തരവു തീയതിയിൽ ജോലി നോക്കിയിരുന്ന ലാവണങ്ങളിലേയ്ക്കും സ്ഥലങ്ങളിലേയ്ക്കും തിരികെപ്പോയി **01.12.2016-ൽ** ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്**

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. ചീഫ് എഞ്ചിനീയർ (ജനറൽ)
5. ചീഫ് എഞ്ചിനീയർ
6. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. ഡയറക്ടർ , സാംസ്കാരിക വിഭാഗം

10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവനന്തപുരം/പത്തനംതിട്ട/ഹരിപ്പാട്/വൈക്കം
11. അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ
കൊട്ടാരക്കര/തിരുവല്ല/ ആലുവ
12. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
തിരുവനന്തപുരം/അമ്പലപ്പുഴ/വൈക്കം
13. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം
പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള
കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട്
കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ
14. വിജിലൻസ് ഓഫീസർ
മാവേലിക്കര/വൈക്കം
15. ഇ.ഡി.പി സെക്ഷൻ
16. സെക്ഷൻ ഫയൽ
17. ഫെയർ കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)